## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1525 — 22/03/2013 - ലെ മറുപടിയ്ക്ക്

## യൂറിയയുടെ ലഭ്യത ഉറപ്പാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓരോ വർഷവും ആവശ്യമായി വരുന്ന യൂറിയയുടെ അളവ് എത്രയാണ് ; വിശദവിവരം നൽകുമോ ; | (എ) | സംസ്ഥാനത്ത് ഓരോ വർഷവും 2 ലക്ഷം മെട്രിക്ടൺ യൂറിയ ആവശ്യമായി വരുന്നുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യ മാകുന്ന യൂറിയയുടെ ക്വാട്ട എത്ര യാണ് ; | (ബി) | കേന്ദ്രസർക്കാരിൽ നിന്നും ഒരു സീസണിലേയ്ക്ക് 1 ലക്ഷം മെട്രിക്ടൺ യൂറിയയാണ് ലഭ്യമാകുന്നത്. |
| (സി) | കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന യൂറിയ ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള മാന ദണ്ഡം വിശദമാക്കുമോ ; | (സി) | കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന യൂറിയ ഓരോ ജില്ലയിൽ നിന്നും ലഭിക്കുന്ന ആവശ്യത്തിന്റെ അടിസ്ഥാന ത്തിലും കാർഷിക വിളകളുടെ വിസ്തൃതി അനുസരിച്ചും ആണ് ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നത്. |
| (ഡി) | യൂറിയയുടെ ലഭ്യത ഉറപ്പാ ക്കാൻ സ്വീകരിച്ച നടപടിവിശദമാ ക്കുമോ ? | (ഡി) | ഓരോ വിളക്കാലത്തും മുൻകൂട്ടി യൂറിയ യുടെ ആവശ്യകത കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് ആയി നൽകുകയും അത് മുൻകൂറായി കേന്ദ്രസർക്കാർ അംഗീകരിച്ച് നൽകുകയും ആണ് പതിവ്. ഇതുകൂടാതെ എല്ലാ ആഴ്ച്ചയിലും കേന്ദ്രസർക്കാരിന്റെ രാസവള ഡിപ്പാർട്ടുമെന്റ് നടത്തുന്ന വീഡിയോ കോൺഫറൻസിൽ യൂറിയ ഉൾപ്പെടെയുള്ള എല്ലാ രാസവളങ്ങളുടേയും ലഭ്യത വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള രാസവളം / യൂറിയ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ